## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 12      04.02.2013 -ൽ മറുപടിക്ക്

## ഫിഷറീസ് സർവ്വകലാശാല

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.മുരളീധരൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഫിഷറീസ് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (എ) | ഫിഷറീസ് മേഖലയിലെയും സമുദ്രപഠന മേഖലയിലെയും സാങ്കേതിക മുന്നേറ്റങ്ങൾക്കനുസരിച്ച് അതത് മേഖലകളിൽ പുതിയ കോഴ്സുകളും പാഠ്യപദ്ധതികളും രൂപ കല്പന ചെയ്യുകയും നടപ്പാക്കുകയും ചെയ്യുന്നു. ഈ സർവ്വകലാശാലയെ മാനവ വിഭവശേഷി വികസനത്തിന് നേതൃത്വപരമായ പങ്ക് വഹിക്കുന്ന മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അതിന്റെ പ്രാരംഭഘട്ടത്തിലാണ്. ഉൽപാദന ക്ഷമതയും ഗുണമേന്മയുള്ളതും കേരളത്തിന്റ പരിസ്ഥിതിക്ക് അനുയോജ്യമായതുമായ വളർത്തു മത്സ്യങ്ങളുടെ സുസ്ഥിര കൃഷി വികസനത്തിന് അനുയോജ്യമായ കൃഷി രീതികൾ, മത്സ്യതീറ്റ, രോഗ നിയന്ത്രണം മുതലായവ സംബന്ധിച്ച് കൃഷിക്കാർക്ക് പരിശീലനത്തിനും വിജ്ഞാനവ്യാപനത്തിനുമുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. കൂടാതെ സർവ്വകലാശാലയ്ക്ക് ആവശ്യമായ അക്കാദമി സമുച്ചയ നിർമ്മാണം, ഗവേഷണ ലബോറട്ടറികളുടെ നവീകരണം വിവിധ മേഖലകളിൽ ഗവേഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം എന്നിവ പ്രാരംഭ ദിശയിലാണ്. സർവ്വകലാശാലയ്ക്ക് ആവശ്യമായ ഇന്റർനാഷണൽ ഹോസ്റ്റൽ സമുച്ചയം ഉൾനാടൻ മത്സ്യ ഗവേഷണ വികസന സ്ഥാപനം, അതിഥി മന്ദിരം, ഗവേഷണ വിഭാഗം, വിജ്ഞാന വ്യാപന കേന്ദ്രം എന്നിവയ്ക്കാവശ്യമായ സാമ്പത്തിക സഹായം ലഭിക്കുവാൻ വേണ്ട നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) | സർവ്വകലാശാലയ്ക്ക് സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര, പദ്ധതി ധനസഹായമാണ് പ്രധാനമായും ലഭിക്കുന്നത്. 2012-2013 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ചെലവുകൾക്കായി 6.21 കോടി രൂപയും പദ്ധതി വിഹിതമായി 12 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.<br>കൂടാതെ ഗവേഷണ പദ്ധതികൾക്കായി ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച്, കേന്ദ്ര ഭൗമ മന്ത്രാലയം, നബാർഡ് എന്നീ കേന്ദ്ര സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. യു.ജി.സി., കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് എന്നിവിടങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിന് സർവ്വകലാശാല വേണ്ടുന്ന തയ്യാറെടുപ്പുകൾ ആരംഭിച്ചു കഴിഞ്ഞു. |
| (സി) | നടപ്പുസാമ്പത്തികവർഷം എന്ത് തുക ധനസഹായമായി സർവ്വകലാശാലയ്ക്ക് ലഭിക്കുകയുണ്ടായി; വിശദമാക്കുമോ? | (സി) | നടപ്പ് സാമ്പത്തിക വർഷം പദ്ധതിയിതര (non plan) വിഭാഗത്തിൽ 6.21 കോടി രൂപ വകയിരുത്തിയതിൽ നാല് കോടി അറുപത്തിയഞ്ച് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ ( Rs. 4,65,25,000) ലഭ്യമായിട്ടുണ്ട്. കൂടാതെ പദ്ധതി ധനസഹായമായി 12 കോടി രൂപ 24/12/2012 ലെ സ.ഉ.(ആർ.ടി)1083/2013/മുവ പ്രകാരം അനുവദിച്ച് നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ